[Rao Sahib Dr. N. Kunjan Pillai.]

കായ്ങ്ങളം പറയുന്നതിനുള്ള സമയം ആവശ്യപ്പെട്ടാൽ അവർ അതനുസരിച്ചു ചെയ്യും; അല്ലാതെ ഈ സംഗതിയിൽ നിഷ്ക്കർഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വാസ്തവത്തിൽ ഈ ഉദ്ദേശത്തോടുകൂടിതന്നെയായിരിക്കും മി. കട്ടക്കയം ഈ പ്രമേയം അയച്ചിട്ടുള്ളത് എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ മനഃപൂർവമായ ആശയത്തോടു നാമെല്ലാവരും യോജിക്കേണ്ടതുമാണ്. ഗവണ്മെൻറിനുവേണ്ടി ഞാൻ ഈ അവസരത്തിൽ പറയുന്നതു ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെയുള്ള നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നതാണെന്നാണ്. ഈ ഉറപ്പിന്മേൽ എന്റെ മാന്യസ്നേഹിതൻ ഈ പ്രമേയത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

Mr. J. John Kattakayam : എന്റെ പ്രമേയത്തോടു പൂർണ്ണമായി യോജിച്ചില്ലെങ്കിലും അതിൽ അന്തർല്ലീനമായ ആശയം ഇന്നതാണെന്നു ചീഫ് സെക്രട്ടറി അവർകൾ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടും തദനുസരണം മേലാൽ വേണ്ടതുപോലെ പ്രവൃത്തിക്കാമെന്നു ഉറപ്പുപറഞ്ഞിട്ടുള്ളതുകൊണ്ടും എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

The resolution was, by leave, withdrawn.

Constitution of a separate taluk consisting of Mannankandam and certain other lands.

Mr. Tariatu Kunjitomman : *This Council recommends to the Government that the Mannankandam lands in the Muvattupuzha taluk, forty miles away from Muvattupuzha, Pooyamkutty lands, thirty miles away, and the pakuthies Kuttamangalam, Varapety, Eramalloor and Kotamangalam be organised into a separate taluk with their centre as the headquarters.*

Mr. Tariatu Kunjitomman (*Nominated*) : സർ, മൂവാറ്റുപുഴ താലൂക്കിൽനിന്നും 40 മയിലകലമുള്ള മന്നാൻകണ്ടം പ്രദേശവും, 30 മയിലകലമുള്ള പൂയംകുട്ടി പ്രദേശവും, കുട്ടമംഗലം, വാരപ്പെട്ടി, എരമല്ലൂർ, കോതമംഗലം ഈ പകുതികളും ചേർത്തു ഇവയുടെ മദ്ധ്യം തലസ്ഥാനമാക്കി ഒരു താലൂക്കാക്കണമെന്നു ഈ സഭ ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു. ഈ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മൂവാറ്റുപുഴതാലൂക്കു മലയോരമായതുകൊണ്ടു പ്രതിവത്സരം അനവധി ജനങ്ങൾ അന്യതാലൂക്കുകളിൽനിന്നും ഉപഭോഗങ്ങളിൽ കുടിപാ

LIBRARY ARCHIVES Kerala Legislative Assembly

ത്തും തരിശ്ശു മോഹണ്ഡിച്ചും വരുന്നതുകൊണ്ടു ജനസംഖ്യയിലും ഭൂനികുതിയിലും വർദ്ധിച്ചുവരുന്ന ഒരു താലൂക്കാണ് ഇതു്. കൊച്ചിഅതിർത്തിയായ പിറവം ചവുക്കുമുതൽ ഏകദേശം ൪൦ മയിൽ നീളത്തിൽ കിഴക്കുപടിഞ്ഞാറായും ൮൫ മയിൽ വീതിയിൽ തെക്കുവടക്കായും കിടക്കുന്ന ഈ പ്രദേശങ്ങളിൽ എല്ലാംതന്നെ ഇപ്പോൾ ജനങ്ങൾ കുടിപാർത്തും വരുന്നു.

Mr. M N. Narayana Menon : അകപ്പാടെ എത്ര ആളുകളുണ്ടു ?

Mr. Tariatu Kunjitomman: നെരലക്ഷത്തോളം ഉണ്ടു്. മറ്റു താലൂക്കുകളെ അപേക്ഷിച്ചു മൂവാറ്റുപുഴ, തൊടുപുഴ ഈ താലൂക്കുകളിലെ ജനങ്ങളുടെ വർദ്ധനയുടെ ശതമാനം കൂടിയിരിക്കുന്നതായി സെൻസസ്റിപ്പോർട്ടുകൊണ്ടു കാണാം. അതിനു കാരണം മറുതാലൂകളിൽ നിന്നുംകൂടി ഇവിടെ കുടികൊണ്ടിരിപാക്കുന്നതാകുന്നു. അല്ലാതെ കേവലം ജനനംകൊണ്ടുമാത്രമുള്ള വർദ്ധനയല്ല. ഒരു ൫൭ വർഷത്തിനുമുമ്പുണ്ടായിരുന്നതിൽനിന്നു മൂന്നുടങ്ങിലധികം നികുതിയും അവിടെ വർദ്ധിച്ചിട്ടുണ്ടു്. ഈ സ്ഥിതിക്കു തലസ്ഥാനത്തുനിന്നും വളരെ ദൂരെയുള്ള പ്രദേശങ്ങളിൽ തഹശിൽദാരൊ മറു താലൂക്കുദ്യോഗസ്ഥന്മാരൊ സക്കീട്ടു ചെയ്തു റവന്യൂകാര്യങ്ങൾ നിർവഹിക്കയെന്നുള്ളതു അത്ര സുകരമായ ഒരു സംഗതിയല്ല. മലംപ്രദേശമാകയാൽ പുരാവൽകേസ്, പുറമ്പോക്കു കേസ് മുതലായവസംബന്ധിച്ചു ധാരാളം സക്കീട്ടു ആവശ്യമാണു്. നാല്പതും അൻപതും മയിൽ സക്കീട്ടുചെയ്തു കാര്യങ്ങൾ നടത്തുക പ്രയാസമാണു്. റവന്യൂഭരണത്തിന്റെ സൌകര്യത്തിനും കൃഷിക്കാരായ ജനങ്ങളുടെ സൌകര്യത്തിനും ഈവിധം ഒരു താലൂക്കു ഘടിപ്പിക്കേണ്ടതാവശ്യമാണു്. അതിനുതക്ക വിസ്തീർണ്ണതയും ജനസംഖ്യയും ഭൂനികുതിയും ഈ പ്രദേശത്തിനുണ്ടു്. ഇനിയും പലവിഷയത്തിലും ഡവലപ്പ് ചെയ്യാനുള്ള പ്രദേശമാണിവ. അതുകൊണ്ടു പ്രത്യേകതാലൂക്കാക്കേണ്ടതാവശ്യമാണു്. വളരെസ്ഥലങ്ങൾ ഇനിയും ഈ പ്രദേശത്തു റിസർവിൽനിന്നും വിട്ടുർത്തി പതിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഗവണ്മെൻറു അതിനെപ്പറ്റി ആലോചിച്ചുവരുന്നതായറിയുന്നു. മന്നാങ്കണ്ടം മാത്രമല്ല ഏതാനും വർഷങ്ങൾക്കുമുമ്പു റിസർവിൽനിന്നു വിട്ടുർത്തി പതിച്ചുകൊടുത്തതും മുഴുവൻ കൃഷിയും കുടിപാർപ്പുമുള്ളതും മൂവാറ്റുപുഴനിന്നും വളരെ അകലത്തുകിടക്കുന്നതുമായ കുട്ടംപുഴ, പൂയംകുട്ടിപ്രദേശങ്ങളും ഇതിൽ ഉൾപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ന്നു. ഭരണസൗകര്യത്തിനും ജനാവശ്യത്തിനും ഇതു ഒരു താലൂക്കാക്കുക തന്നെ വേണം.

Mr. Komilezhathu SanKaran : ഇസ്ഥലങ്ങളെല്ലാം ചേർത്താൽ സാമാന്യേന ഏതായിരിക്കും മദ്ധ്യം?

Mr. Tariatu Kunjitomman: സാമാന്യേന കൂട്ടമംഗലമൊകോതമംഗലത്തിന്റെ കിഴക്കേഅറ്റമൊ ആയിരിക്കും. കൂട്ടമംഗലമല്ല എന്റെ സ്വദേശം. എന്റെ സ്വദേശം ഈ താലൂക്കിന്റെ തലസ്ഥാനമാക്കണമെന്നുള്ള ആഗ്രഹംകൊണ്ടാണു് ഞാൻ ഇതു പറയുന്നതെന്നു ആ ചോദ്യകർത്താവിനു ഉദ്ദേശമില്ലെങ്കിലും ചോദ്യത്തിൽ അങ്ങിനെ ഒരു ധ്വനി ഉണ്ടു്. ഞാൻ അതുദ്ദേശിച്ചുല്ല പറയുന്നതു്. കൂട്ടമംഗലംതന്നെയായിരിക്കണം തലസ്ഥാനം. എന്നാൽ കോതമംഗലമായാൽ മറ്റു പല സൌകര്യങ്ങളുമില്ലാതെയില്ല.

Mr. A. Kumara Pillai: കോതമംഗലത്തിന്റെ കിഴക്കുഭാഗത്തുനിന്നും കൂട്ടമംഗലത്തേയ്ക്കു എത്രദൂരമുണ്ടു്?

Mr. Tariatu Kunjitomman : കോമംഗലത്തിന്റെ കിഴക്കുഭാഗംതൊട്ടാണു് കൂട്ടമംഗലം.

Mr. A. Kumara Pillai: കോതമംഗലം കച്ചേരി, പോലീസ് സ്റ്റേഷൻ മുതലായവ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും കൂട്ടമംഗലത്തേയ്ക്കു എത്രദൂരമുണ്ടു്?

Mr. Tariatu Kunjitomman: കോതമംഗലംകൂട്ടമംഗലത്തിന്റെ പടിഞ്ഞാറെ പകുതിയാണു്. തൊട്ടാണു കിടക്കുന്നതും. അതുകൊണ്ടു കോതമംഗലത്തിന്റെ പടിഞ്ഞാറെഅറ്റത്തുനിന്നും കൂട്ടമംഗലത്തേയ്ക്കു ഒരു ദൂരവുമില്ല. കോതമംഗലത്താണു് പോലീസ്സ്റ്റേഷൻ, ആശുപത്രി മുതലായ ഗവണ്മെൻറു സ്ഥാപനങ്ങളുള്ളതു്. കൂട്ടമംഗലത്തിന്റെ പടിഞ്ഞാററ്റത്തുനിന്നു ഈ മയിലോളം ദൂരെയാണു്.

Mr. Komilezhathu SanKaran : ഈ താലൂക്കിനു എന്താണു പേരുകൊടുക്കേണ്ടതു്?

Mr. Tariatu Kunjitomman : അതു ഗവണ്മെൻറിന്റെ യുക്തംപോലെയുള്ള പേരു കൊടുത്തുകൊള്ളട്ടെ. ഇങ്ങനെ ഒരു താലൂക്കുണ്ടാക്കുന്നതു ഗവണ്മെൻറു ഭരണത്തിനു സൌകര്യമായിരിക്കും.

Mr. M. N. Paramesvaran Pillai : റവന്യൂ ഭരണത്തിനുവേണ്ടി ഇതു താലൂക്കുണ്ടാക്കണമെന്നു പറയുന്നോ അതല്ല ജുഡിസ്യൽറീവ്കെയ്ണ

LIBRARY ARCHIVES Kerala Legislative Assembly

സിച്ചിൽ മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഈ പ്രത്യേകം ഒരു താലൂക്കാക്കണമെന്നു പറയുന്നോ?

Mr. Tariatu kunjitomman: ഇതൊരു പ്രത്യേക കാൺസ്റ്റിറ്റ്യൂവൻസിയാക്കണമെന്നു എനിക്കഭിപ്രായമില്ല. എന്തെങ്കിലും ഒരു സംഗതി കൊണ്ടുവരുമ്പോൾ അതിൽ അകത്തു എന്തോ ഒരുദ്ദേശമുണ്ടെന്നു സംശയിക്കത്തക്കതരത്തിലാണ് തിരുവിതാംകൂറിലെ സകലസംഗതികളും കിടക്കുന്നതു് എന്നു പലവിധത്തിലും അറിയാവുന്ന ഒരാളാണ് ഞാൻ. അതുകൊണ്ടാണ് ഭരണസൗകര്യവും ജനസൗകര്യവുമാണ് ഉദ്ദേശമെന്നു ആദ്യമേ പറഞ്ഞതു്. പിന്നെ ജനസംഖ്യയും വോട്ടർമാരുടെ സംഖ്യയുംകൊണ്ടു ഒരു കാൺസ്റ്റിറ്റ്യൂവൻസിയാക്കേണ്ടതായിവന്നാൽ അങ്ങിനെ ചെയ്യാവുന്നതാണ്. താലൂക്കിന്റെ എണ്ണം മാത്രം നോക്കി നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ.

അതിനാൽ ഈ വിഭജനം എല്ലാംകൊണ്ടും നല്ലതാണ്. ഇതിനെ സ്വീകരിക്കണമെന്ന അപേക്ഷയോടെപ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

Mr. Komilezhathu Sankaran: ഇപ്പോൾ മന്നാൻകണ്ടത്തുനിന്നും താലൂക്കിന്റെ തലസ്ഥാനത്തുപോകാൻ എന്തു ദൂരമുണ്ട്?

Mr. Tariatu Kunjitomman: ൪൭ മൈലുണ്ട്, പൂയംകുട്ടിയിൽനിന്നും ൩൦ മൈലോളം ദൂരമുണ്ട്.

Mr. Komilezhathu Sankaran: പുതിയ താലൂക്കിന്റെ തലസ്ഥാനം കോതമംഗലമായാൽ അതു് ആ താലൂക്കിന്റെ ഒറ്ററമായിപോവുകയല്ലേ?

Mr. Tariatu Kunjitomman: ഇല്ല. കുട്ടമംഗലമായാലും ദോഷമില്ല.

ഈ ഭാഗങ്ങളിൽ താമസിക്കുന്നവർ മലമ്പനിമുതലായ രോഗങ്ങളാൽ ബാധിതരായി അവസ്ഥപ്പെടുന്നവരാണ്. അവക്കെല്ലാം താലൂക്കിന്റെ തലസ്ഥാനം അടുത്തുണ്ടായിരിക്കുന്നതു നല്ലതാണ്. പൊതുവെ രോഗംപിടിപെട്ടാൽ സാനിട്ടറി ഡിപ്പാർട്ടുമെന്റിനെയൊ മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെയൊ തഹശീൽദാരൊ കൌൺസിൽ മെംബർമാരൊ വേണം അറിയിക്കാൻ. താലൂക്ക് ആസ്ഥാനം വളരെ ദൂരെയായിരുന്നാൽ തഹശീൽദാരുടെ മുമ്പാകെ ജനങ്ങളുടെകാര്യങ്ങളിൽ പതിയാൻ അധികസൗകര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. K. Padmanabha Pillai: ഇങ്ങിനെ പ്രത്യേകം ഒരു താലൂക്കുവേണമെന്നു അവിടത്തെ ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ?

Mr. Tariatu Kunjitomman : ജനങ്ങൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കയാണു്. ഞാൻതന്നെ കഴിഞ്ഞ ൨൪ വർഷമായി അവരെ പ്രതിനിധികരിക്കയാണു്. എന്നോട പലപ്പോഴും പൊതുജനങ്ങൾ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ടു്. ഞാൻ ഇതിനുമുമ്പു ഒരു പ്രമേയം ഇതിനെ സംബന്ധിച്ചയച്ചിട്ടുണ്ടെങ്കിലും അതു് ബാലട്ടിൽ കിട്ടിയില്ല.

Mr. N. K. Padmanabha Pillai : ആ പ്രദേശത്തുള്ളവർ ഇതൊരു താലൂക്കാക്കണമെന്നു ഗവണ്മെൻറിനോടപേക്ഷിച്ചിട്ടുണ്ടോ?

Mr. Tariatu Kunjitomman : അപേക്ഷിച്ചിരിക്കാം. വല്ല ഹർജികളുമയച്ചിട്ടുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. അവരുടെ പ്രതിനിധ്യംവഹിക്കുന്ന എന്നോട കൂട്ടമായിട്ടും വ്യക്തികളായിട്ടും മുമ്പേതന്നെ പലതവണയും ഇക്കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്. കൂട്ടമംഗലം മാക്കേറിനെ സംബന്ധിച്ചുനടന്ന പബ്ളിക്ക് മീറ്റിങ്ങിൽ ഞാനും സ്ഥലം തഹശീൽദാരും സന്നിഹിതരായിരുന്നു. അപ്പോഴും ഇതൊരു പ്രത്യേകതാലൂക്കാക്കണമെന്നും അവർ അപേക്ഷിച്ചിട്ടുണ്ടു്.

Mr. N. K. Padmanabha Pillai : ആ മീറ്റിംഗിൽ വല്ല റസല്യൂഷനും പാസ്സാക്കി ഗവണ്മെൻറിലേക്കയച്ചിട്ടുണ്ടോ?

Mr. Tariatu Kunjitomman : റസല്യൂഷൻ പാസ്സാക്കി അയക്കുന്നതിലും ഉപരിയായിട്ടുള്ളതാണല്ലൊ ഈ കൌൺസിലിൽ ഒരു പ്രമേയം അവതരിപ്പിക്കണമെന്നു ആവശ്യപ്പെടുന്നതു. അതിനാൽ അപ്പോൾ റസല്യൂഷൻ പാസാക്കിയില്ല.

Mr. M. N. Paramesvaran Pilai: മെമ്പർ ഈ Constituency യെ പ്രതിനിധീകരിച്ചാണൊ ഈ പ്രമേയം അവതരിപ്പിച്ചതു്?

Mr. Tariatu Kunjitomman : ഞാൻ പബ്ലിക്കിനെയാണു് പ്രതിനിധീകരിക്കുന്നതു്. അതുപോലെതന്നെ ഈ കൌൺസിലിലുള്ള എല്ലാ അനുദ്യോഗസ്ഥമെംബർമാർക്കും പൊതുജനങ്ങളുടെ ക്ഷേമത്തെ സംബന്ധിക്കുന്ന ഏതു റസല്യൂഷനും കൊണ്ടുവരാൻ അധികാരമുണ്ടെന്നുള്ള പൂർണ്ണബോധത്തോടെയാണു് ഞാനിതുകൊണ്ടുവന്നിരിക്കുന്നതു. അസ്ഥാനത്താണെങ്കിൽ ഗവണ്മെൻറു തടയുമായിരുന്നെന്നറിയാതെ ഇവ്വിധചോദ്യങ്ങൾ വരുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. J, John kattakayam : ഈ പ്രമേയാവതാരകന്റെ പല പ്രമേയങ്ങളേയും ഞാൻ അനുകൂലിച്ചുവെങ്കിലും ഈ പ്രമേയത്തെ അനുകൂലിക്കാൻ എനിക്കു നിവൃത്തിയില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു

Chairman : The resolution has not yet been seconded.

Mr. M. N Paramesvaran Pillai : I second it.

Mr. J. John Kattakayam : സാർ, ഈ പ്രമേയത്തെ എതിർക്കുന്നതിനു എനിക്കവസരമുണ്ടാക്കിതന്ന എന്റെ മാന്യമിത്രം മി എം. എൻ. പ മേശ്വരൻ പിള്ളയോട് എനിക്കളവറ്റാത്ത നന്ദിയുണ്ട് എന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഉത്തരതിരുവിതാംകൂർ നിവാസികളായ ഞങ്ങളുടെയിടയിൽ ഒരു പഴഞ്ചൊല്ലുണ്ട്; അതായതു് "എതുപ്പാകോതമംഗലം", എന്നാണതു്. ഈ പഴഞ്ചൊല്ലു് സമയോചിതസ്വയംകൃതിയല്ല. തിരുവിതാംകൂറിലെ ഇതരസ്ഥലങ്ങളിലും സംസാരവിഷയമാണു് (ചിരി). മന്നാൻകണ്ടം മുതലായി എന്റെ നിയോജകമണ്ഡലത്തിലുള്ള ഏതാനും പ്രദേശങ്ങളെ സംഘടിപ്പിച്ചു ഒരു നൂതനതാലൂക്കു നിർമ്മാണത്തിനു് ആ പ്രദേശത്തെ പ്രതിനിധിയെന്നനിലയിൽ പ്രമേയാവതാരകൻ പ്രസംഗിക്കയുണ്ടായി. യഥാർത്ഥത്തിൽ മൂവാറ്റുപുഴ താലൂക്കിനെ പ്രതിനിധീകരിക്കുന്നതായി ഈ കൌൺസിലിൽഉള്ള ഏകപ്രതിനിധി ഞാനാണു്. (ചിരി). ഈസ്ഥിതിക്കു അതേസംബന്ധിച്ചു രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. മി. കുഞ്ഞിത്തൊമ്മൻ എന്നെ മനഃപൂർവ്വം അവഗണിക്കുകയും അവഹേളിക്കുകയും ചെയ്തിരിക്കുന്നു. അതൊരിക്കലും വകവച്ചുകൊടുക്കാൻ ആത്മാഭിമാനമുള്ള ഒരുത്തനും സാധ്യമല്ല.

Mr. Komilezhathu Sankaran : ഈ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു മി. കുഞ്ഞിത്തൊമ്മൻ പലപ്പോഴും നിയമസഭയിൽ ഹാജരായിട്ടുണ്ടോന്നുള്ള വിവരം മെമ്പർക്കറിയാമോ?

Mr. J. John Kattakayam : പണ്ടത്തെ പഴഞ്ചൊൽ കായ്ക്കുന്നതറിയല്ല ഞാൻ ഇപ്പോഴത്തെ കായ്മാണ് പറയുന്നതു്. (ചിരി)

Mr. Tariatu Kunjitomman : ഞാൻ അവിടത്തെ ജനങ്ങളെ പ്രതിനിധീകരിക്കയാണൊ അല്ലയോ എന്നു മെമ്പർക്കറിയാമോ?

Mr. J. John Kattakayam : അതേ അതുതന്നയാണു് ഞാനാ ചോദിക്കുന്നതു്. മെമ്പർ ഏതുനിലയിൽ പ്രതിനിധീകരിക്കുന്നു?

Mr. Tariatu Kunjitomman : ഈ കൌൺസിലിലെ മെമ്പർ എന്നനിലയിൽ.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: നിങ്ങൾ സ്ത്രീജനങ്ങളെയല്ലേ വാസ്തവത്തിൽ കൂടുതൽ പ്രതിനിധീകരിക്കുന്നത്. (ചിരി).

Mr. Tariatu Kunjitomman: സാർ, ഈമാതിരി ഉപരിമണ്ഡലത്തിന്റെ ഗൗരവത്തിന് അനുയോജ്യമല്ലാത്ത പ്രസ്താവനയ്ക്ക് മറുപടിപറയണമെന്നു വിചാരിക്കുന്നില്ല. പ്രസിഡൻറ് ഇങ്ങനെയുള്ള പ്രസ്താവനകളെ തടയേണ്ടതാണ്.

Mr. J. John Kattakayam: മെംബറിന്റെ പ്രസ്താപനകളെ സർവ്വശക്തിയോടുംകൂടി ഞാൻ പ്രതിഷേധിക്കുന്നു. ഈ സഭയിലെ ഒരു വനിതാമെംബർക്കുപകരമാണ് മെംബറിനെ നോമിനേറ്റ് ചെയ്തിട്ടുള്ളതു എന്നല്ലാതെ മെംബർ പറയുംപോലെയുള്ള പ്രദേശത്തിന്റെയാതൊരു പ്രാതിനിധ്യവും മെംബർക്കില്ല എന്നുള്ളതു സർവ്വസമ്മതമാണു.

Mr. Tariatu Kunjitomman: എന്നാൽ ഞാൻ ഒരു കോളേജ് പ്രിൻസിപാളിന്റെ സ്ഥാനത്താണിരിക്കുന്നതെന്നു പറയരുതോ?

Mr. J. John Kattakayam: അതു് വകവച്ചുതരുവാൻ നിവൃത്തിയില്ല മിസ്സ് പാട്ട്സിന്റെ ആസനത്തിൽ കയറിഇരിക്കുന്നു എന്നു പറയുന്നതിൽ വിരോധമില്ല. (ചിരി) മന്നാൻ കണ്ടം ഉൾപ്പെട്ടപ്രദേശങ്ങൾ ഒരു പ്രത്യേകതാലൂക്കാക്കണമെന്നാണ് മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയം.

Mr. Tariatu Kunjitomman: ഞാൻ മന്നാൻകണ്ടത്തെ മാത്രം ഒരു താലൂക്കാക്കണമെന്നു പറഞ്ഞില്ല.

Chairman: മി. കുഞ്ഞിത്തൊമ്മൻ ഇടയ്ക്കു കയറിപ്പറയുന്നതു ശരിയല്ല.

Mr. Tariatu Kunjitomman: അദ്ദേഹം പറഞ്ഞതു ശരിയല്ലെന്നാണ് ഞാൻ പറഞ്ഞതു്.

Chairman: മി. കട്ടക്കയം, നിങ്ങൾ സംസാരിക്കുന്നതിൽ ഒരു കാര്യം ശ്രദ്ധിക്കണം. നിങ്ങളുടെ സംസാരത്തിലുള്ള രാഗംകൊണ്ടു വാക്കുകൾ എന്നിങ്ങനെ കോംക്കാൻവയ്യാതായിരിക്കുന്ന അതുകൊണ്ടു രാഗമില്ലാതെ പ്രസംഗിക്കുന്നതിൽ ഒന്നു ശ്രദ്ധിച്ചാൽകൊള്ളാം.

Mr. J. John Kattakayam: സാധാരണ ഞാൻ സംസാരിക്കുന്ന രീതിയിലാണ് സംസാരിക്കുന്നതു്. ഉറക്കെ സംസാരിക്കാത്തതുകൊണ്ടാണ് കോംക്കാൻവയ്യാതെ വരുന്നതു് എന്ന് എന്റെ അടുത്തിരുന്നിരുന്നവരായ ചില മെംബറന്മാർ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Chairman : ഉറച്ചുപറയാഞ്ഞതുകൊണ്ടല്ല. ഉറച്ചുപറയുന്ന തോട്ടക്കൂടിയുള്ള രാഗംകൊണ്ടു ചിലവാക്കുകൾ കേൾക്കാൻവയ്യാ. പ്രസംഗം തുടരാം.

Mr. J. John Kattakayam : മി: കുഞ്ഞിത്തൊമ്മൻ പറയും പോലെ ഞാൻ പ്രസ്താവിച്ചിട്ടില്ല. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിന്റെ ഒരു ഭാഗമാണ് മന്നാൻകണ്ടം. അതിനെ ഒരിക്കലും ഒരു താലൂക്കാക്കരുതെന്നാണ് എന്റെ അഭിപ്രായം. ബ്രിട്ടീഷ് ഇൻഡ്യയിലെ താലൂക്കുകൾ എടുത്തുനോക്കുന്നപക്ഷം അവ ഓരോന്നും നമ്മുടെ താലൂക്കുകളെക്കാൾ വളരെ വലിപ്പമുള്ളതായിട്ടു കാണാം. ഈ രാജ്യത്തിന്റെ അഞ്ചിൽ ഒന്നു വ്യാസമുള്ള കൊച്ചീരാജ്യത്തിലെ താലൂക്കുകൾപോലും നമ്മുടെ താലൂക്കുകളെക്കാൾ വലുതാണ്. മോട്ടാർ ഗതാഗതം ഇത്ര സുഗമമല്ലാതിരുന്ന ഒരുകാലത്താണ് ആലങ്ങാട്ട്, ഏറ്റുമാനൂർ ഈ താലൂക്കുകൾ എടുത്തുകളഞ്ഞത്. താലൂക്കിന്റെ എണ്ണം കുറയ്ക്കണമെന്നുള്ളതായിരിക്കണം ഗവണ്മെന്റിന്റെ പാളിസി. ഗതാഗതസൌകര്യം സുഗമമായിരിക്കുന്ന ഇക്കാലത്തു നൂതനതാലൂക്കുകൾ സൃഷ്ടിക്കേണ്ട ഒരാവശ്യവും കാണുന്നില്ല. പണ്ട് ദേവികുളം ഡിവിഷൻ മുഴുവനും തൊടുപുഴതാലൂക്കിലുൾപ്പെട്ടതായിരുന്നു. യൂറോപ്യന്മാരുടെ സൌകര്യത്തിനായി അതിനെ പ്രത്യേകം ഒരു ഡിവിഷനാക്കി. അതുപോലെതന്നെ മന്നാൻകണ്ടം രണ്ടുപ്രാവശ്യം തൊടുപുഴതാലൂക്കിലാണ് ചേർത്തിരുന്നതു് എന്നു റിക്കാർഡുകൾകൊണ്ടു കാണാം.

എന്റെ അഭിപ്രായം ഇപ്പോഴുള്ള താലൂക്കുകൾതന്നെയും കുറയ്ക്കാമെന്നാണ്. കാഞ്ഞിരപ്പള്ളിതാലൂക്ക് തൊടുപുഴതാലൂക്കിന്റെ ഏഴിലൊന്നെയൊള്ളു. പത്തനംതിട്ടതാലൂക്ക് അതിനെക്കാളും വളരെ വലുതാണ്. ഗതാഗതസൌകര്യം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന ആധുനികകാലത്തു പല താലൂക്കുകളും കുറവുചെയ്യുന്നതായാൽ കായ്ക്ഷമതക്കു ഹാനിക്കുടാതെ ഭരണംനടത്തുവാനും ഗവണ്മെൻറിന് വലിയസംഖ്യ ലാഭമുണ്ടാക്കാനും കഴിയും. ഇപ്പോൾ മൈലിനു അരച്ചക്രമൊ മുക്കാൽചക്രമൊ കൊടുത്താൽ രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റെഅറ്റംവരെ മോട്ടാറിൽ സഞ്ചരിക്കാം. അതായതു കാപ്പിക്കടയിലൊ ഹോട്ടൽകളിലൊ കള്ളുഷാപ്പിലൊ കൊടുക്കുന്നപണം മതിയാകും. മോട്ടാറിൽ സഞ്ചരിക്കുന്നതിനു ഇങ്ങനെയുള്ള സൌകര്യങ്ങളുള്ളതുകൊണ്ടും മറും പുതിയതാലൂക്കുകൾ സൃഷ്ടിച്ചു ഗവണ്മെൻറിന്റെ ചിലവു വർദ്ധിപ്പിക്കാതെ ഇപ്പോഴുള്ള താലൂക്കുകൾതന്നെ ഇനിയും കുറയ്ക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ വീണ്ടും പ്രകടിപ്പിച്ചുകൊണ്ടു വാക്കുകളെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. George: Sir, Mr. Kunjitomman's resolution is for organising a new taluk consisting of Mannankandam and Payamkutty and certain pakuthies.

Mr. Tariatu Kunjitomman മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

Mr. K. George: I regret I cannot do it.

Mr. Tariatu Kunjitomman ചീഫ് സെക്രട്ടറിയെപ്പോലെ അദ്ദേഹത്തിനു മലയാളത്തിൽ പ്രസംഗിക്കാൻ നല്ല വശമുണ്ട്.

Mr. K. George: I do not deny, Sir, that there is some force in Kunjitomman's resolution. He said that the Mannankandam valley, which is now going to be settled, is about 40 miles away from the Muvattupuzha taluk headquarters. We all know that the development of a hilly taluk like that depends to a large extent on the attention which the Government is able to pay to its expansion and the settlement of population in those regions. That is how the Peermade taluk, which is entirely mountainous, has been, and is being developed. I concede that, to some extent, there is need for greater attention being paid to these hilly regions of the Muvattupuzha taluk.

The area of the new taluk will come to about 109·64 square miles comprising of the following details :—

		Area in Sq. Miles.
Varapetty Pakuthi	...	17·71
Iramallur Do.	...	10·65
Kotamangalam	...	36·79
Kuttamangalam	...	40·15
Hilly portion and swamp surveyed in the Mannankandam Valley	...	4·34

Now, the area of the present Muvattupuzha taluk is 562·81 Sq. miles of which nearly half the area is unsurveyed hills.

Mr. Tariatu Kunjitomman: അഗസ്തീശ്വരം താലൂക്കിന്റെ വിസ്തീർണ്ണം എന്താണ്. മെമ്പർ ദയവുചെയ്തുപറയുമോ?

Mr. K. George: I have not that information now. So, in point of area the new taluk proposed comes to about 109·64 Sq. miles. That however is not the only point to be taken into consideration to constitute a new taluk. The Government cannot form a hilly tract into a taluk merely because the tract is extensive in point of area. It is population that decides the importance. The proposed taluk will have about fifty-four thousand people and the only other taluk which has a smaller population is

LIBRARY ARCHIVES Kerala Legislative Assembly

Peermade. The area of that is 450·90 Sq. miles and the population is 46,023 people. Parur has an area of 113·43 Sq. miles with a population of nearly 2 lakhs. Shertallai which has an area of about 117·14 Sq. miles has a population of over 2 lakhs. Vaikom whose area is only 144·09 Sq. miles has a population of 1½ lakhs and Tcdupuzha which covers an area of 361·60 Sq. miles has nearly a lakh of people. My point is that for the sake of convenience and further development of those regions, it may be desirable to have a new taluk with headquarters somewhere between Kuttamangalam and Kothamangalam.

Mr. M. N. Parameswaran Pillai: May I know, what will be the approximate additional cost that will have to be incurred in this connection?

Mr. K. George: I shall come to that.

First of all, let us see whether there is any immediate necessity for the formation of a new taluk as suggested in the resolution. It will no doubt be an advantage. But I should say, there is no immediate necessity. Such a course may prove of value at the time of the next Settlement. As it is, there is no immediate administrative necessity for organising a new taluk. As Mr. Kattakayam said, a great deal of present day convenience is available to the people now which did not exist some years ago. The road which runs through those regions is a motorable one and cars and buses run frequently to and fro, so that, people in these regions do not find very much inconvenience nor do Government Officers experience difficulties in reaching those distant places.

The question has to be viewed from another stand point. What about the immediate practicability of such a proposition? For a taluk and its headquarters, we must have various things. There must be buildings, construction of which will involve heavy expenditure and will take a long time. Then there is the need for additional officers and establishment. All that means money. And, this is a time when the Government are hard pressed to find money for various urgent needs. Is this the time for thinking of the organisation of a new taluk? I do realise that there are some advantages. For instance, a Tahsildar can more expeditiously reach the outlying portions of the taluk. Then the recovery of taxes can be made easier. The correct registry of puduval lands, the detection of poramboke encroachments can all be done more expeditiously. But I may say there are other methods by which these advantages can be secured. Though not as a definite proposition, it is a matter worth considering whether it will not be advantageous to organise

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

a new Pakuthi for the Mannankandam Valley. I am quite sure that in such matters, the opinion of the Peishkar will be valuable. He can advise Government as to what should be done. I shall refer this question to the Division Peishkar. My position is this. I do not deny there are some advantages in Mr. Kunjitomman's proposal. But I consider that it is not expedient at present to accept this resolution. Therefore I regret I have to oppose the resolution.

Mr. Tariatu Kunjitomman: സർ, എന്റെ പ്രമേയത്തിലുദ്ദേശിച്ചിരുന്ന കായ്യം തീരെ അടിസ്ഥാനരഹിതമാണ്, നടപ്പിൽ വരുത്തുന്നതു ദോഷകരമാണ്, എന്നൊന്നും ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞിട്ടില്ല. നേരെമറിച്ചു ഞാൻ പറയുന്നതിൽ ന്യായങ്ങളുണ്ടെന്നു സമ്മതിക്കുകയാണു് ചെയ്യുന്നതു്. ഉടനെ സാധിക്കണമെന്നുദ്ദേശിക്കുന്നില്ല. ഗവണ്മെൻറിന്റെ ശ്രദ്ധയെപ്പറ്റിത്തിൽ ഒന്നു തിരിച്ചുവിടുന്നതിനുമാത്രമേ ഞാൻ ഈ പ്രമേയംകൊണ്ടു പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളു. അതുകൊണ്ടു വിധം സാധിതപ്രായമായി. കാലതാമസമെന്നുള്ള കാര്യത്തിൽ കൂട്ടത്തിലായി ഗവണ്മെൻറു ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു കമ്മീഷണരുടെ മറുപടികൊണ്ടു. ഞാൻ വിശ്വസിക്കുന്നു. ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന സംഗതി കേവലം അനാവശ്യമാണെന്നും ഇതു നടപ്പിൽ വരുത്തുന്നതു ദോഷകരമാണെന്നും ഈ കൌൺസിലിലുള്ള ഒരു മെമ്പർമാരും പറയുകയുണ്ടായി. അതിനു മറുപടിപറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുവാൻ മാർഗ്ഗമില്ലാത്തവണ്ണം വ്യക്തിപരവും മറ്റുമായുള്ള സീമയേയും ഈ കൌൺസിലിന്റെ ഗൌരവത്തേയും ലഘൂകരിക്കുന്ന പ്രവൃത്തിയും ആണു് അതു പ്രസ്താവമെന്നു ഞാൻ വിചാരിക്കുന്നു.

Mr. K. P. Nilakanta Pillai: അതു് ആ മെമ്പർപ്രതിയുള്ളപ്പോൾ പറയുകയല്ലേ നല്ലതു്?

Mr. Tariatu Kunjitomman: എന്റെ മാന്യസ്നേഹിതനു വേണമെങ്കിൽ ഞാൻ എന്തെങ്കിലും മറുപടിപറഞ്ഞതുകൊണ്ടു് എന്നു വിചാരിച്ചു് അദ്ദേഹത്തോടു പോകരുതെന്നു പറയിക്കാമായിരുന്നു.

Chairman: പ്രമേയം പിൻവലിക്കുന്നുണ്ടോ?

Mr. Tariatu Kunjitomman: ഈ കായ്യം ആലോചിച്ചു കഴിയുമെങ്കിലും നടപ്പിൽവരുത്തുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Chairman: The question is whether Mr. Kunjitomman has the leave of the House to withdraw the resolution.

The resolution was, by leave, withdrawn.

PUBLICATION IN THE GAZETTE OF NOTICES FOR SALE OF LANDS FOR ARREARS OF TAX.

Chairman: The next resolution stands against the name of Mr. Kattakayam. As he is absent, it may be taken as having been withdrawn.

The following resolution was deemed to have been withdrawn!

"MR. J. JOHN KATTAKAYAM: This Council recommends to the Government that the practice of publishing in the Gazette auction sales for arrears of tax on lands, less than three acres in extent which has now been discontinued, be revived as discontinuance is not desirable".

The Council adjourned *sine die* at 3·55 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly